കടലാസ്

*൪൩൨. (൩൨) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ആവശ്യമുള്ളത്ര കടലാസ്സ് ഇവിടെ ഉണ്ടാക്കുന്നുണ്ടോ;

(ബി) ആവശ്യമുള്ളതിന്റെ എത്ര ശതമാനം വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഇല്ല.

(ബി) അതിന്റെ കണക്കു ശേഖരിച്ചിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വെളിയിൽനിന്നും ഫർണ്ണ്–ൽ ഏത്ര കടലാസ്സു വരുത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിന്റെ കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ആർ. ശങ്കർ: പുനലൂർ പേപ്പർ മില്ലിൽ ഈയാണ്ടിൽ എത്രത്തോളം പേപ്പർ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈയാണ്ടിൽ ഇതുവരെ കിട്ടിയിട്ടുള്ള കണക്കനുസരിച്ച് അവിടെ ൪, ൦൦൦ ടൺ പേപ്പർ ഉല്പാദിപ്പിച്ചിട്ടുണ്ട്.

ശ്രീ. ആർ. ശങ്കർ: ലോക്കലായിട്ടുള്ളതും ഇറക്കുമതി ചെയ്യുന്നതുമല്ലാതെ വേറെ വല്ല പേപ്പർ നിർമ്മാണവും ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

പേപ്പർ

*൪൩൨. (൩൨) ശ്രീമതി ദേവകീഗോപിദാസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ആവശ്യത്തിനു മതിയാകുന്നത്ര കടലാസ് ഈ രാജ്യത്തുണ്ടാക്കുന്നതിനെ സംബന്ധിച്ച് ഗവർമ്മെണ്ടു് ആലോചിട്ടുണ്ടോ?

(ബി) പേപ്പർമിൽ സ്ഥാപിക്കുന്നതിനു് ഏതെങ്കിലും കമ്പനിക്കാർ അനുവാദത്തിനു് അപേക്ഷിച്ചിട്ടുണ്ടോ?

വ്യവസായവും, എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): (എ) ഉണ്ട്.

(ബി) ഉണ്ട്.

ശ്രീ. ദേവകിഗോപിദാസ്: പേപ്പർ മിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയെ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അനുവാദം കൊടുത്തില്ല.

ശ്രീ. മന്നാർ ഗോപാലൻനായർ: ആരാണ് അപേക്ഷിച്ചിട്ടുള്ളതെന്നു് പ്രസ്താവിക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഒരു നാരായണസ്വാമി ആൻറ് കമ്പനിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്ത്: അനുവാദം വേണമെന്നു മാത്രമേ അപേക്ഷിച്ചിട്ടുള്ളോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതേയുള്ളൂ.

ശ്രീ ആർ. ശങ്കർ: ഗവമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ കടലാസുണ്ടാക്കുന്നതിനെപ്പറ്റി വല്ല ആലോചനയും ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ആലോചനയില്ല.

ശ്രീ. ദേവകീഗോപിദാസ്: ഇപ്പോൾ സംസ്ഥാനത്ത് ഹാൻഡ്മെയിഡ് പേപ്പർ നിർമ്മിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതരം പേപ്പർ ഉണ്ടാക്കുന്ന കോട്ടേജ് ഇൻഡസ്ട്രീസ് സംസ്ഥാനത്തുണ്ട്.

ശ്രീ. ദേവകീഗോപിദാസ്: അവയ്ക്കു വല്ല പ്രോത്സാഹനവും നൽകുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

പേപ്പർമിൽ

*൪൯൩. (൩൩) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ഗവമ്മെണ്ടിൽനിന്നു ഒരു പേപ്പർമിൽ തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ?

(ബി) ഇപ്പോൾ ഈ രാജ്യത്തുള്ള പേപ്പർ മില്ലിനും ഗവമ്മെണ്ട് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ?

വ്യവസായവും, എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഇല്ല.

(ബി) ഗവമ്മെണ്ടിനും, പുനലൂർ പേപ്പർമില്ലിൽ ൨, ൦ ൫, ൦ ൦ ൦ രൂപയുടെ ഷെയറുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതുകൂടാതെ വല്ല ധനസഹായവും ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. ആർ. ശങ്കർ: ഷെയർ എടുത്തിരിക്കുന്നതനുസരിച്ചു വല്ല ഡിവിഡണ്ടും ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്.

BHOOTHATHAN KETTU SCHEME

*464. [37] **Sri. N. V. Chacko:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether the Government have arrived at a definite decision about the Bhoothathan Kettu Scheme of Flow Irrigation in the Parur, Muvattupuzha and Kunnathnad taluks;

(*b*) what would be the approximate cost for bringing into effect the purely Flow Irrigation part of the whole scheme; and

(*c*) by what time the Government would be able to start work to make the scheme a reality?

Minister for Public Works, Communications and Agriculture **[Sri. E. John Philipose]:** (*a*) An investigation has been conducted and the report has been received by the Chief Engineer.

LIBRARY ARCHIVES Kerala Legislative Assembly